22/1/25

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ സെൽവരാജ് കെ ആർ ,ഡെപ്യൂട്ടി ഡയറക്ടർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1388/2024 -ലെ 04-11-2024 ലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.156/2025/H&FWD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:-

1. ഡോ സെൽവരാജ് കെ ആർ , ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 08-08-2024 തീയതിയായ അപേക്ഷ. (Annexure A1 in OA (EKM) 1388/2024)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.10.2024-ലെ DHS/24647/2024-ER1 നമ്പർ കത്ത്.
3. OA(EKM) 1388/2024 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04-11-2024 ലെ ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായ ഡോ സെൽവരാജ് കെ ആർ -ന്റെ വിരമിക്കൽ തീയതി 31-05-2026 ആണെന്നത് പരിഗണിച്ച് തൃശ്ശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലോ, പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലോ സ്ഥലംമാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം നൽകുന്നത് സംബന്ധിച്ച് ഡോ സെൽവരാജ് കെ ആർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA (EKM) 1388/2024 ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA യിന്മേലുള്ള പരാമർശം (3) ഉത്തരവിൽ അപേക്ഷകൻ സമർപ്പിച്ച പരാമർശം (1) അപേക്ഷ 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ച്, ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്ത് വരുന്ന

ഡെപ്യൂട്ടി ഡയറക്ടർ ഡോ പ്രേമകുമാർ കെ റ്റി-ക്ക് തൃശ്ശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലെ നിലവിലെ ഒഴിവിലേക്കും തിരൂർ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടായ ഡോ സെൽവരാജ് കെ ആർ-ന് പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്കും സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) OA(EKM) 1388/2024- മേലുള്ള ബഹു:ട്രിബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം / പാലക്കാട് /തൃശ്ശൂർ
ഡോ സെൽവരാജ് കെ ആർ, ഡെപ്യൂട്ടി ഡയറക്ടർ ( ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ( File No.A1/204/2024-Health)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Anupama G Nair
Date: 21-01-2025 17:14:57

മേലെഴുത്ത് കത്ത് നമ്പർ 24643/ആ.വ.ഡ./2024/ഇ.ആർ/22.01.2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർ

22/1/25